## വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ.HARITHA V KUMAR, IAS)

വിഷയം: വനിതാ-ശിശു വികസന വകുപ്പ് – ജീവനക്കാര്യം – വകുപ്പിലെ ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014.
2. സ.ഉ. (പി) നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014.
3. സ.ഉ. (പി) നം. 16/2015/ഉ.ഭ.പ.വ തീയതി 28/05/2015
4. സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019.
5. G.O.(P) No 4/2020/P&ARD Dt 22/01/2020.
6. സ.ഉ. (അച്ചടി) നം 6/2022/ ഉ.ഭ.പ.വ തീയതി 21/07/2022.
7. വനിതാ-ശിശു വികസന ഡയറക്ടറുടെ 02/02/2023 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്.
8. വനിതാ-ശിശു വികസന ഡയറക്ടറുടെ 15-03-2024 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ് .
9. വനിതാ-ശിശു വികസന ഡയറക്ടറുടെ 14-06-2024 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ് .
10. വനിതാ-ശിശു വികസന ഡയറക്ടറുടെ 03-09-2024 ലെ DWCD/1309/2024-E4 നമ്പർ ഉത്തരവ് .
11. വനിതാ-ശിശു വികസന ഡയറക്ടറുടെ 20-09-2024 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ് .
12. തൃത്താല അഡിഷണൽ ശിശു വകസന പദ്ധതി ഓഫീസറുടെ 05/09/2024 ലെ ICDS/TLA/ADL/770/2023 നമ്പർ കത്ത്.
13. കുറ്റിപ്പുറം ശിശു വകസന പദ്ധതി ഓഫീസറുടെ 06/09/2024 ലെ എ-55/2023 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2795/2022-E4 തീയതി: 08-10-2024**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതായത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം (1) മുതൽ (6) വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റൽ ഉൾപ്പെട്ട 2 ജീവനക്കാർക്ക് പരാമർശം (8) പ്രകാരം ക്ലാർക്കായി ബൈട്രാൻസ്ഫർ

നിയമനം നൽകിയിതിലൂടെ വകുപ്പിൽ 20 ജീവനക്കാർ ഈ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വന്നിരുന്നു. ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച രണ്ട് ജീവനക്കാർ വിരമിച്ചതിലൂടേയും, ഒരു ജീവനക്കാരന് ഉദ്യോഗക്കയറ്റം ലഭിച്ചതിലൂടെയും ഒരു ജീവനക്കാരൻ ജോലി രാജിവച്ചതിലൂടെയും നിലവിൽ 4 ഒഴിവുകൾ ഈ വിഭാഗത്തിന് ലഭിക്കുന്നതിനു അർഹതയുണ്ട്. അത്തരത്തിൽ ഒഴിവുകൾ നികത്തുന്നതിലൂടെ ബൈ ട്രാൻസ്ഫർ നിയമന ക്വാട്ട പൂർത്തീകരിക്കുന്നതാണ്.

പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട കൊണ്ടോട്ടി ശിശു വികസന പദ്ധതി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ സുബ്രമഹ്ണ്യൻ പുതുപറമ്പത്ത് (സീനി. നം. 34) ഇളംദേശം ശിശു വികസന പദ്ധതി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. മനോജ് സി ഡി (സീനി. നം. 35) എന്നിവർക്ക് ക്ലാർക്ക് തസ്തികയിലെ നിയമനം ആവശ്യമില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ ടി ജീവനക്കാരുടെ തസ്തികമാറ്റ നിയമനം സ്ഥിരമായി റീലിൻക്വിഷ് ചെയ്തുകൊണ്ട് പരാമർശം (9) (11) പ്രകാരം ഉത്തരവായിട്ടുണ്ട്.

സംസ്ഥാന തല സംയുക്ത സീനയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും പരാമർശം (9), (11) ഉത്തരവുകൾ പ്രകാരം ഉദ്യോഗക്കയറ്റങ്ങളിൽ നിന്നും സ്ഥിരമായി വിട്ടൊഴിയുന്നതിന് അനുമതി നൽകിയ രണ്ട് ജീവനക്കാരെയും വകുപ്പിൽ നിന്നും വിട്ടുതൽ ചെയ്ത ഒരു ജീവനക്കാരനെയും (സീനി. നം. 38) ഒഴിവാക്കിയതിനു ശേഷം സീനിയോരിറ്റി ക്രമ നമ്പർ 33 മുതലുള്ള ചുവടെ പറയുന്ന 4 ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനു അർഹരാണ്.

| ക്രമ നം. | ജീവനക്കാരുടെ പേര്,തസ്തിക | സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ ജയകുമാർ ജി | 33 | സർവ്വീസിൽ തുടരുന്നു. |
| 2 | ശ്രീ സുബ്രമഹ്ണ്യൻ പുതുപറമ്പത്ത്. | 34 | ഉദ്യോഗക്കയറ്റം റീലിങ്കിഷ് ചെയ്തിട്ടുണ്ട്. |
| 3 | ശ്രീ മനോജ് സി ഡി | 35 | ഉദ്യോഗക്കയറ്റം റീലിങ്കിഷ് ചെയ്തിട്ടുണ്ട്. |
| 4 | ശ്രീമതി.ഉഷ വി എൻ | 36 | സർവ്വീസിൽ തുടരുന്നു. |
| 5 | ശ്രീ വിശാലാക്ഷൻ റ്റി ജി | 37 | സർവ്വീസിൽ തുടരുന്നു. |
| 6 | ശ്രീ എൻ കെ ഷാജു | 38 | വകുപ്പ് വിട്ടു പോയി |
| 7 | ശ്രീ ബാബു തച്ചൻ | 39 | സർവ്വീസിൽ തുടരുന്നു. |

ഈ സാഹചര്യത്തിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരും ഉൾപ്പെട്ട സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ 4 ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ **26500-60700** രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം. | ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീ. ജയകുമാർ ജി,<br>ഓഫീസ് അറ്റൻഡന്റ്, ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ആലപ്പുഴ | 33 | ICDS പള്ളം, കോട്ടയം |
| 2 | ശ്രീമതി. ഉഷ വി എൻ,<br>ഓഫീസ് അറ്റൻഡന്റ്<br>ICDS വൈപ്പിൻ, എറണാകുളം | 36 | ICDS പാറക്കടവ്, എറണാകുളം |
| 3 | ശ്രീ. വിശാലാക്ഷൻ റ്റി ജി,<br>ഓഫീസ് അറ്റൻഡന്റ്<br>ICDS കാസർഗോഡ് | 37 | ICDS കുറ്റിപ്പുറം, മലപ്പുറം |
| 4 | ശ്രീ. ബാബു തച്ചൻ,<br>ഓഫീസ് അറ്റൻഡന്റ്,<br>ICDS എടക്കാട്, കണ്ണൂർ | 39 | ICDS തലശ്ശേരി അഡീഷൽ, കണ്ണൂർ |

സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റം നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണയിക്കുന്നത്.

വകുപ്പിൽ തസ്തികമാറ്റ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ ഐ.സി.ഡി.എസി കുറ്റിപ്പുറം ഐ.സി.ഡി.എസിൽ നിയമനം ലഭിച്ച ശ്രീ ഈസ റ്റി, ഐ.സി.ഡി.എസ് തൃത്താല അഡീഷണലിൽ നിയമനം ലഭിച്ച ശ്രീ സലിം എം പി എന്നിവർ മാതൃ ജില്ലയായ കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്നും പരാമർശം (12), (13) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തസ്തികമാറ്റ നിയമനം ലഭിച്ച ഇതര ജില്ലകളിൽ നിയമിക്കപ്പെട്ട രണ്ട് ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം അവരുടെ മാതൃ ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം. | പേര്, തസ്തിക, കാര്യാലയം | സ്ഥലമാറ്റം അനുവദിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. ഈസ്സ റ്റി, ക്ലാർക്ക്<br>ICDS കുറ്റിപ്പുറം | ICDS കുന്നമംഗലം അഡീഷണൽ, കോഴിക്കോട് | അപേക്ഷ<br>(മാതൃ ജില്ലയിലേക്ക്) |
| 2 | ശ്രീ. സലിം എം പി, ക്ലാർക്ക്<br>ICDS തൃത്താല അഡീഷണൽ | ജില്ല വനിത ശിശു വികസന ആഫീസ്, കോഴിക്കോട് | അപേക്ഷ<br>(മാതൃ ജില്ലയിലേക്ക്) |

തസ്തികമാറ്റ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

HARITHA V KUMAR, IAS
**വനിതാ-ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1) ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ/കോട്ടയം/എറണാകുളം/ പാലക്കാട്/കോഴിക്കോട്/മലപ്പുറം/കണ്ണൂർ/കാസർഗോഡ്.
2) പ്രോഗ്രാം ഓഫീസർ, ആലപ്പുഴ/കോട്ടയം/എറണാകുളം/പാലക്കാട്/കോഴിക്കോട്/ മലപ്പുറം/കണ്ണൂർ/കാസർഗോഡ്.
3) ശിശു വികസന പദ്ധതി ഓഫീസർപള്ളം/പാറക്കടവ്/തലശ്ശേരി അഡീഷണൽ/ കുറ്റിപ്പുറം/തൃത്താല അഡീഷണൽ/കുന്നമംഗലം അഡീഷണൽ/വൈപ്പിൻ/എടയ്ക്കാട്/ കാസർഗോഡ്.
2) സൂപ്രണ്ട് ഐടി സെല്(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്